വകുപ്പിലെ ഉദ്യോഗസ്ഥന്മാരടങ്ങിയ ജില്ലാതല സമിതി രൂപീകരിച്ച് 15 ലക്ഷം രൂപ വരെയുള്ള പ്രവർത്തികൾക്ക് ഭരണാനുമതി നൽകുവാൻ ജില്ലാ കളക്ടർമാർക്കും അതിനു മുകളിലുള്ള തുകയ്ക്ക് ഉന്നതാധികാര സമിതിക്കും അധികാരം നൽകുകയും ചെയ്തു. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ മന്ത്രിമാരെ പ്രത്യേകം ചുമതലപ്പെടുത്തുകയും, എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മഴവെള്ളം സംഭരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ അനുവാദം നൽകുകയും ചെയ്തു. ടാങ്കർ ലോറികളിൽ ജലക്ഷാമമുള്ള സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി ആന്റ് സി) വിവിധ തലങ്ങളിൽ നടത്തിയ വിലയിരുത്തലുകളിൽ നിന്നും വരൾച്ചാ ദുരിത പരിഹാരത്തിനായി ഏർപ്പെടുത്തിയ സംവിധാനങ്ങൾ ജനങ്ങൾക്ക് വളരെയേറെ പ്രയോജനമുണ്ടാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

(ഡി) കേരള വാട്ടർ അതോറിറ്റി നടപ്പാക്കിയ കുടിവെള്ള പദ്ധതികൾക്കായി നാളിതുവരെ 5.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2003-2004 സാമ്പത്തിക വർഷം 63.02 കോടി രൂപയും 2004 സാമ്പത്തിക വർഷത്തിൽ 22-6-2004 വരെ 26.03 കോടി രൂപയും സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ

1 [164] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനകം കേരളത്തിൽ സന്ദർശനം നടത്തിയ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രയാണെന്നും ഓരോ രാജ്യത്തും നിന്നുള്ളവർ എത്ര വീതമെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, വർക്കല, പൊൻമുടി എന്നിവിടങ്ങളിലേക്ക് വിദേശ ആഭ്യന്തര വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ഇന്ത്യയിലും വിദേശത്തുംവച്ച് നടക്കുന്ന ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കുകയും അതുവഴി കേരളത്തിലെ വിനോദസഞ്ചാര മേഖലയെക്കുറിച്ച് വിവരങ്ങൾ നൽകുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ പ്രധാനപ്പെട്ട ടൂറിസം മേളകളിൽ വിനോദസഞ്ചാര വകുപ്പ് അന്നാട്ടിലെ ടൂർ ഓപ്പറേറ്റർമാരെയും ട്രാവൽ ഏജന്റുമാരെയും ക്ഷണിച്ച് അവർക്ക് കേരളത്തെ കുറിച്ചും ഇവിടത്തെ ടൂറിസം മേഖലയെക്കുറിച്ചും അവബോധം ഉണ്ടാക്കുകയും ചെയ്യുന്നതിന് വേണ്ടി റോഡ്ഷോകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ വിദേശത്തെയും ഇന്ത്യയിലേയും പ്രമുഖ മാസികകളിൽ കേരളത്തെക്കുറിച്ചുള്ള പരസ്യം നൽകുകയും ചെയ്തുവരുന്നു. പ്രമുഖ ടെലിവിഷൻ ചാനലുകളിൽ വകുപ്പ് പ്രചരണത്തിന്റെ ഭാഗമായി കേരളത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. പരസ്യപ്രചരണത്തിന് വേണ്ടി ഇന്റർനെറ്റിനെയും വകുപ്പ് ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. അന്തർദേശീയ തലത്തിൽ പ്രസിദ്ധരായ മാദ്ധ്യമ പ്രവർത്തകരെയും ടൂർ ഓപ്പറേറ്റേഴ്സിനേയും കേരളത്തിലേക്കു ക്ഷണിച്ചുവരുത്തി കേരളത്തിന്റെ ടൂറിസം പ്രാധാന്യം മനസ്സിലാക്കിച്ച് അതുവഴിയുള്ള പ്രചരണവും നടത്തിവരുന്നു. ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും ഇന്ത്യക്കകത്ത് നടക്കുന്ന പ്രധാനപ്പെട്ട ഏകദേശം പതിനഞ്ചോളം ട്രാവൽ മാർട്ടുകളിൽ വകുപ്പ് പങ്കെടുത്തുവരുന്നു. ഇതിനെല്ലാം പുറമേയായി വകുപ്പ് കേരള ട്രാവൽ മാർട്ട്, മിസ്റ്റിക്സ് ഓഫ് മലബാർ ഗോൾഡ് ഫെസ്റ്റിവെൽ, ബോട്ട് ഷോ എന്നിങ്ങനെ കേരളത്തിന്റെ തനത് ആകർഷണങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനുള്ള മേളകളും വർഷംതോറും നടത്തിവരുന്നു. കൂടാതെ ടോൾഫ്രീ ഫോൺ, ടൂറിസം വെബ്സൈറ്റ് (www.keralatourism.org) എന്നീ സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) കഴിഞ്ഞ പത്തുവർഷങ്ങളിൽ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം താഴെപ്പറയുന്നു:

വർഷം	*വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം*
1994	. . 104568
1995	. . 142972
1996	. . 176855
1997	. . 182427
1998	. . 189941
1999	. . 202173
2000	. . 209933
2001	. . 208830
2002	. . 232564
2003	. . 294621

രാജ്യം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി കോവളത്ത് നടപ്പാത നിർമ്മാണം, റോഡുകളുടെ നവീകരണവും വീതികൂട്ടലും, സ്ഥലനാമ ബോർഡുകൾ വയ്ക്കൽ, ബീച്ചിൽ വൻതോതിലുള്ള ലൈറ്റിംഗ് സംവിധാനം എന്നിവ നടന്നുവരുന്നു. പൊൻമുടിയിൽ കോട്ടേജുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. റോഡുകൾക്കിരുവശവും സ്ഥലനാമ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. വർക്കലയിൽ ബീച്ച് ലൈറ്റിംഗ്, ഹൈമാസ്റ്റ് ലൈറ്റിംഗ് എന്നിവ സ്ഥാപിക്കുന്നതിനുള്ള ജോലികൾ നടന്നുവരുന്നു.

വിനോദസഞ്ചാര വികസന പദ്ധതികൾ

2 [165] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്നും ആയതിന് എന്തു തുക ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

(ബി) വിനോദസഞ്ചാര വകുപ്പിലെ പ്രവർത്തനം കൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക വരുമാനമായി ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) വിദേശ രാജ്യങ്ങളിൽ നടന്ന ഏതൊക്കെ സമ്മേളനങ്ങളിൽ, പരിപാടികൾക്ക് കേരളത്തിലെ വിനോദസഞ്ചാര വകുപ്പ് തുക നൽകി എന്നും ഏതിനൊക്കെ എത്ര വീതം നൽകി എന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ പര്യടനത്തിനായി എന്തു തുക ചെലവഴിച്ചു എന്ന് തരം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധം I-ആയി ചേർത്തിരിക്കുന്നു.†

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ മാസം വരെ ഏകദേശം 13,000 കോടി രൂപയോളം വരുമാനം ലഭിച്ചതായി കണക്കാക്കപ്പെടുന്നു.

(സി) 2002 സെപ്തംബർ 27 മുതൽ ഒക്ടോബർ 10 വരെ ലണ്ടനിൽ നടന്ന കേരളോൽസവത്തിന് പത്തംഗ കലാകാരന്മാരുടെ സംഘത്തെ അയയ്ക്കാൻ സംസ്ഥാന ടൂറിസം വകുപ്പ് 5,82,834 രൂപാ സഹായധനമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2003 നവംബർ 7 മുതൽ 10-വരെ ലണ്ടനിൽ നടന്ന ഗ്ലോബൽ കേരളാ ഫെസ്റ്റിവലിൽ കലാകാരന്മാരുടെ 12 അംഗസംഘത്തെ അയയ്ക്കാൻ ടൂറിസം വകുപ്പ് 5,70,000 രൂപാ സഹായധനമായി അനുവദിച്ചു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മന്ത്രി, ചീഫ് സെക്രട്ടറി, ടൂറിസം സെക്രട്ടറി, ടൂറിസം ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (ജനറൽ), അഡീഷണൽ ഡയറക്ടർ (ഹോസ്പിറ്റാലിറ്റി), ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ എന്നിവർ നടത്തിയ വിദേശ യാത്രയുടെ ചിലവ് പ്രത്യേകം തരംതിരിച്ച് അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.††

†, †† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly